# ഇറാന്റെ ആണവ കരാർ മഹായുദ്ധത്തിന്റെ മാറ്റൊലി

**കോര ചെറിയാൻ**

**ഫിലാഡൽഫിയ:** 15 വർഷമായുള്ള ഇറാന്റെ ആണവ ആവേശത്തിനു വിലക്ക് കല്പിയ്ക്കുവാൻ വേണ്ടി യു. എൻ. സെക്യൂരിറ്റി കൗൺസിൽ സ്ഥിര അംഗങ്ങളും - അമേരിക്ക, റഷ്യ, ചൈന, ഇംഗ്ലണ്ട്, ഫ്രാൻസ് - ജർമനിയും ഇറാനുമായുള്ള സന്ധിസംഭാഷണങ്ങൾ അവസാനഘട്ടത്തിലേയ്ക്ക് അടുക്കുകയാണ്. ചർച്ചകൾ വിജയകരമായി അവസാനിച്ചുകൊണ്ടുള്ള വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചുകഴിഞ്ഞാലുടൻ തന്നെ ഇറാനുമേലുള്ള അന്തർദേശീയ സാമ്പത്തിക വിലക്കുകൾക്ക് അയവുണ്ടാകുകയും, ശക്തമായ സാമ്പത്തിക പ്രതിസന്ധിയിലുള്ള ഇറാനിയൻ സർക്കാർ അനേകം ബില്ല്യൺ ഡോളറുകൾ കരസ്ഥമാക്കുകയും ചെയ്യും. സൽകീർത്തി സമ്പാദിച്ച ഇറാൻ ഉല്പാദിപ്പിക്കുന്ന എണ്ണ അന്തർദേശീയ മാർക്കറ്റിൽ വിലക്കുകൾ ഇല്ലാതെ കമ്പോള വിലയ്ക്കു വിൽക്കുവാനും സാധിക്കും.

മിഡിൽ ഈസ്റ്റിലും ആഫ്രിക്കയിലും ഏഷ്യയിലുമുള്ള 35 ശതമാനം അധോലോക ആക്രമണങ്ങൾക്കും രഹസ്യമായും പരസ്യമായും ദാരിദ്ര്യത്തിലുള്ള ഇറാൻ സാമ്പത്തിക സഹായം ഇപ്പോൾ നൽകുന്നു. അടുത്ത നാളുകളിലായി ലെബാനോനിലെ ഹെസ്ബോല്ലാ ഗ്രൂപ്പ്, പാലസ്തീൻ ഹമാസ് ഗ്രൂപ്പ്, ഇസ്ലാമിക് ജിഹാദ്, ഇസ്ലാമിക് സ്റ്റേറ്റ് തുടങ്ങിയുള്ള ഭീകര സംഘടനകൾക്കുള്ള സഹായം വർദ്ധിപ്പിച്ചു. സൗദി അറേബ്യയുടെ അയൽ രാജ്യമായ യെമനിൽ ആയിരത്തിലധികം സിവിലിൻസിനെ വധിച്ച ഹൗയുത്തീസ് ഭീകര സംഘടനയ്ക്ക് ഇറാൻ ബുദ്ധി ഉപദേശവും സൈനിക സാമ്പത്തിക സഹായവും ചെയ്യുന്നതു മൗനമായി സന്ധി സംഭാഷണങ്ങൾ നടത്തുന്ന ലോക മഹാശക്തികളും ഇൻഡ്യയടക്കമുള്ള മറ്റു വൻശക്തികളും നോക്കി നിൽക്കുന്നു.

1979 ഫെബ്രുവരി 11 ന് മുൻ ഇറാനിയൻ രാജാവായിരുന്ന മുഹമ്മദ് റിസ ഷായെ നിരുപാധികം നിഷ്ക്കാസനം ചെയ്യുന്നതിനുള്ള സന്നാഹങ്ങൾ സജ്ജമാക്കുവാൻ അയറ്റോള



കൊമേനി അടക്കമുള്ള ഇറാനിയൻ വികിടിതർക്കു പാർപ്പിടവും പരിരക്ഷണവും കൊടുത്ത ഫ്രാൻസ് ഇപ്പോൾ ഇറാന്റെ മുഖ്യ ശത്രുനിരയിലാണ്. ജിമി കാർട്ടർ പ്രസിഡന്റായിരിക്കുന്ന കാലഘട്ടത്തിൽ അമേരിയ്ക്കയുമായി വളരെ സൗഹൃദ ബന്ധം പുലർത്തിയിരുന്ന ഇറാനിയൻ രാജാവായിരുന്ന ഷായിക്ക് എതിരെ അയറ്റോള കൊമേനിയുടെ നേതൃത്വത്തിലുള്ള ചാവേർപ്പടയുടെ പോരാട്ടം തടയുന്നതിനുള്ള സൈനിക സഹായമടക്കം യാതൊരു സഹായവും നൽകാതെ അമേരിക്കൻ ഭരണകൂടം നിശബ്ദത പാലിച്ചതിന് ശേഷമാണ് ഭീകരപ്രവർത്തനങ്ങൾ ശക്തിപ്രാപിക്കുന്നതും ലോകസുരക്ഷിതത്വം തകർച്ചയിലേയ്ക്ക് നീങ്ങിയതും. കൊമേനിയുടെ നേതൃത്വത്തിലുള്ള ഇറാനിയൻ വികടിത ഭരണകൂടം നിരപരാധികളായ 52 അമേരിക്കൻ രാജ്യതന്ത്രപ്രതിനിധികളെ 444 ദിവസം തടങ്കലിൽ പീഡിപ്പിച്ച് അമേരിയ്ക്കയോടുള്ള ഭീകരപോരാട്ടത്തിനു അരങ്ങേറ്റം നടത്തി.

ഇറാന്റെ മൗനാനുവാദത്തോടെ ഇസ്ലാമിക് സ്റ്റേറ്റ് ജൂൺമാസം 26ന് മൂന്നു ഭൂഖണ്ഡങ്ങളിലായുള്ള കുവൈറ്റിലെ ഷയിറ്റ് മസ്ജിത്തിലും ഫ്രാൻസിലുള്ള ഗ്യാസ് ഫാക്ടറിയിലും റ്റുണിഷൻ ബിച്ചിലുള്ള വിനോദസഞ്ചാര റിസോട്ടിലുമായി നടത്തിയ ആക്രമണങ്ങളിൽ അറുപതിലധികം നിരപരാധികളെ ക്രൂരമായി വധിച്ചു.

ആണവകരാർ ധൃതഗതിയിൽ പൂർത്തീകരിച്ചില്ലെങ്കിൽ ഇറാൻ അണുബോംബ് ഉല്പാദനത്തിനുള്ള ന്യൂക്ലിയർ ഫ്യൂവൽ ഉല്പാദനം തടസ്സം ഇല്ലാതെ തുടരും.



**ആയുധധാരികളായ യെമൻ ഹൗയുത്തീസ് ചാവേർ ഭടന്മാർ**

അന്തർദേശീയ ആറ്റോമിക് എനർജി കമ്മീഷൻ റിപ്പോർട്ടിൻപ്രകാരം 3000 ലധികം സെൻട്രിഫ്യൂവൽ ന്യൂക്ലിയർ വാതകം ഉല്പാദിപ്പിച്ചുകൊണ്ടിരിക്കുന്നു. ലോകരാഷ്ട്രങ്ങൾ മൗനം അവലംബിച്ചാൽ മൂന്നു വർഷത്തിനകം ഇറാൻ ന്യൂക്ലിയർ ബോംബ് നിർമ്മാണം പൂർത്തീകരിക്കുകയും ഭീകരസംഘടനകൾ നിഷ്പ്രയാസം അറ്റോമിക് ശക്തിയായി മാറുകയും ചെയ്യും.

സന്ധിസംഭാഷണങ്ങളിൽ ഇറാൻ തീവ്രവാദി സംഘടനകളേയും ദ്രവ്യഛയാൽ നീചകാര്യങ്ങൾ ചെയ്യുന്ന - മിസനറി - ഗ്രൂപ്പുകളേയും സഹായിക്കുന്നതുമായി ബന്ധപ്പെട്ട ചർച്ചകൾ ഇതേവരെ ഉന്നയിക്കപ്പെട്ടിട്ടില്ല. കഴിഞ്ഞ വർഷം ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി 13,500 ലധികം ഭീകരാക്രമണങ്ങൾ നടത്തി 33,000 ത്തിലധികം സാധുജനങ്ങളെ നിർദ്ധാരുണ്യം കൊലചെയ്തു. 2013 ൽ 10,000 ത്തിലധികം ആക്രമണങ്ങളിൽക്കൂടി 18000 ത്തിലധികം നിരപരാധികളുടെ ജീവിതം അവസാനിപ്പിച്ചു. ഇത്രയധികം ഭീകരപ്രവർത്തികൾ നടത്തുവാനുള്ള സാമ്പത്തിക സഹായവും ആയുധബലവും പരിശീലനവും ഇറാനെപ്പോലെയുള്ള മറ്റു പല രാജ്യങ്ങളും രഹസ്യമായി തീർച്ചയായും നിർവഹിക്കുന്നുണ്ടായിരിക്കും. വ്യക്തിസഹായംമൂലം ഇത്ര വ്യാപകമായ ഒരു പ്രസ്ഥാനം പരിരക്ഷിക്കുക അപ്രാപ്തമാണ്. അടുത്ത നാളിൽ അമേരിക്കൻ വൈറ്റ്ഹൗസ് വക്താവ് എറിക് സുൾറ്റ്സ ഇറാന്റെ ഭീകരസംഘടനകൾക്കുള്ള പരസ്യ പിന്തുണയെക്കുറിച്ചു ശക്തമായ ഉത്കണ്ഠ പ്രകടിപ്പിച്ചുകൊണ്ടുള്ള വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചു.

ആദ്യമായി ഭീകരാക്രമണങ്ങളും കിഡ്നാപ്പിങ്ങുകളും നടത്തുന്ന അൽഖ്വെയ്ദ, താലിബാൻ, ഇസ്ലാമിക് സ്റ്റേറ്റ് തുടങ്ങിയ സംഘടനകളെ നശിപ്പിക്കുകയോ നിർജീവമാക്കുകയോ ചെയ്തതിനുശേഷം ആണവ കരാറിൽ ഒപ്പുവെയ്ക്കുക. ഇറാന്റെ ആണവത്തോടുള്ള ആവേശവും ഉല്പാദനവും പരിപൂർണ്ണമായും അവസാനിപ്പിക്കുകയും ചെയ്തതിനുശേഷമേ ശാശ്വത ലോകസമാധാനം കൈവരിക്കുകയുള്ളൂ.